(ഡി) സർക്കാർ ഉത്തരവ് നമ്പർ 960/09/ആർ.ഡി. തീയതി 9-3-2009 GO(Rt)No. 581/2010/RD dated 4-2-2010 പ്രകാരം നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുപ്രകാരം നെൽവയലിന് ഭൂമിവിലയുടെ 40%-വും പറമ്പിന്, റബ്ബർ കൃഷിയുള്ളതടക്കം 70%-വും നൽകുന്നതാണ്.

(ഇ) നഷ്ടപരിഹാര പാക്കേജിന്റെ പ്രഖ്യാപനത്തിനുശേഷം ലൈൻ വലിക്കുന്നതുമായി ബന്ധപ്പെട്ട ഭൂരിഭാഗം പണിയും പുനരാരംഭിച്ചിരുന്നു. എന്നാൽ ഇടമൺ-കൊച്ചി(പള്ളിക്കര) 400 കെ.വി ഡബിൾ സർക്യൂട്ട് ലൈൻ കടന്നു പോകുന്ന കോട്ടയം, പത്തനംതിട്ട ജില്ലകളിൽ ഭൂഉടമകളുടെയും, ആക്ഷൻ കൗൺസിലിന്റെയും തർക്കങ്ങൾമൂലം തടസ്സങ്ങൾ ഉണ്ടാകുന്നത് പ്രസ്തുത പ്രോജക്ടിന്റെ പൂർത്തീകരണത്തിന് തടസ്സമാകുന്നുണ്ട്.

കായംകുളം താപനിലയത്തെ സൂപ്പർ തെർമൽ പവർ സ്റ്റേഷനാക്കി മാറ്റാനുള്ള നടപടി

177 (1141) ശ്രീ. ബി. ബാബുപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികവിഭാഗക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം രാജീവ് ഗാന്ധി കംബയിൻഡ് സൈക്കിൾ പവർ പ്രോജക്ടിന്റെ 359.59 മെഗാവാട്ട് ഉല്പാദനശേഷി വർദ്ധിപ്പിച്ച് കായംകുളം താപനിലയത്തെ ഒരു സൂപ്പർ തെർമൽ പവർ സ്റ്റേഷനാക്കി മാറ്റാനുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) സൂപ്പർ തെർമൽ പവർ നിലയമാക്കി മാറ്റുമ്പോൾ ഇന്ധനമായി എന്ത് ഉപയോഗിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത് ; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) നിർദ്ദിഷ്ട സൂപ്പർ തെർമൽ പവർ നിലയം എപ്പോൾ നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) നാഫ്ത്താ ഇന്ധനമായി ഉപയോഗിക്കുന്ന നിലവിലുള്ള 360 MW അങ്ങനെ നിലനിർത്തി, രണ്ടാംഘട്ടമായി 1950 MW വാതകാധിഷ്ഠിതമായി നിർമ്മിക്കുവാനാണ് എൻ.റ്റി.പി.സി. ലക്ഷ്യമിടുന്നത്. 1950 MW രണ്ടാംഘട്ട പദ്ധതിയുടെ ഒന്നാം ചുവടായി 1050 MW ആണ് ആദ്യം സ്ഥാപിക്കുക. കൊച്ചിയിൽ പെട്രോനെറ്റ് സ്ഥാപിക്കാനുദ്ദേശിക്കുന്ന ING Terminal-ൽ നിന്നും വാതകം ലഭ്യമാക്കുന്ന ഈ പദ്ധതി 2014-15 കാലയളവിൽ പൂർണമാകും എന്നാണ് എൻ.റ്റി.പി.സി. അറിയിച്ചിരിക്കുന്നത്. തുടർന്ന് വാതക ലഭ്യതയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള ഒന്നാംഘട്ടം (360 MW) വാതകാധിഷ്ഠിതമാക്കാനും രണ്ടാംഘട്ടത്തിന്റെ രണ്ടാം ചുവട് പൂർത്തീകരിക്കാനും ലക്ഷ്യമിടുന്നു.

LIBRARY KERALA LEGISLATIVE ASSEMBLY